Private Circulation only

# ട്രൈബൽന്യൂസ്

March - 2015

No. 3



ബഥനി (ട്രൈബൽ മിഷൻ) ഗേൾസ് ഹോസ്റ്റലിലെ കുട്ടികൾ
അട്ടപ്പാടി

# ട്രൈബൽ ന്യൂസ്

**ഇരിങ്ങോൾ പി. ഒ., പെരുമ്പാവൂർ, പിൻ – 683 545**

## ട്രൈബൽ മിഷൻ

**(Reg. No. ER. 59/80)**

***ഇൻഡ്യയിലെ ആദിവാസികളുടെ ഇടയിൽ ദൈവീകസന്ദേശം പ്രഘോഷിക്കുന്നതോടൊപ്പം, ആദിവാസികളെ സാംസ്കാരികമായും, സാമൂഹ്യമായും ഉയർത്തുന്ന ജീവകാരുണ്യ സംഘടന.***

- ***നേഴ്സറി ക്ലാസ്സ് നടത്തുക***
- ***സാക്ഷരതാ ക്ലാസ്സ് സംഘടിപ്പിക്കുക.***
- ***ആരോഗ്യ സംരക്ഷണവും വൈദ്യസഹായവും നൽകുക.***
- ***കൃഷികാര്യങ്ങളിൽ വിജ്ഞാനം നൽകുക.***
- ***എന്നിവ ഇതിന്റെ ലക്ഷ്യങ്ങളിൽപെടുന്നു.***

**നിങ്ങളുടെ വിലയേറിയ സംഭാവനകൾ**
**അയയ്ക്കാനുള്ള വിലാസം**


ഫൈനാൻസ് സെക്രട്ടറി

**ട്രൈബൽ മിഷൻ**
ഇരിങ്ങോൾ പി.ഒ.,
എ.എം. റോഡ്., പെരുമ്പാവൂർ
കേരള – 683 545.

ചീഫ് എഡിറ്റർ

**റവ. റ്റി. ജയദാസ്**
9747442935
jayadaskalarickal1964@gmail.com

butter print : 2-7-2014



# Editorial...





**റവ. റ്റി. ജയദാസ്**
ചീഫ് എഡിറ്റർ

**ക**ർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിൻ അനുഗ്രഹീത നാമത്തിൽ സ്നേഹവന്ദനം. ഗലീലക്കടൽ പലസ്തീൻ നാടിന്റെ വടക്കുഭാഗത്ത് ഗലീല ജില്ലയിലുള്ള 13 മൈൽ നീളവും 7 മൈൽ വീതിയുള്ളതും സമുദ്ര നിരപ്പിൽനിന്ന് 695 അടി താഴെയാണ് ഗലീല. ഇതിന് പല പേരുകൾ പറഞ്ഞിട്ടുണ്ട്. ഗലീല കടൽ മത്താ.4:18 തിബെര്യാസ് എന്ന ഗലീലകടൽ യോഹ.6:1 ഗന്നസരേത്ത് തടാകം, ലൂക്കാ.5:1, യേശുവും ശിഷ്യന്മാരും പടകിൽ കയറി ഈ കട ലിലൂടെ യാത്ര ചെയ്യുന്നതായി മത്തായി സുവി ശേഷം 8–ാം അദ്ധ്യായം 23 മുതലുള്ള വാക്യങ്ങ ളിൽ നാം വായിക്കുന്നു. കാറ്റും കോളും ആ പട കിനെ ആഞ്ഞടിച്ചു എന്നു കാണുന്നു. കലങ്ങിമ റിയുന്ന കടൽ പാപികൾ നിറഞ്ഞ ലോകത്തെ കാണിക്കുന്നു.

“ദുഷ്ടന്മാരോ കലങ്ങി മറിയുന്ന കടൽപോലെ ആകുന്നു. അതിന് അടങ്ങിയിരിപ്പാൻ കഴികയില്ല. അതിലെ വെള്ളം ചേറും ചെളിയും മേലോട്ടു തള്ളുന്നു. ദുഷ്ടന്മാർക്ക് സമാധാനം ഇല്ല എന്ന് എന്റെ ദൈവം അരുളിചെയ്യുന്നു.’’ (യെശ യ്യ.57:20,21). ദൈവത്തിൽ ആശ്രയം വയ്ക്കുന്നവരെ ഏത് സാഹചര്യത്തിലും ദൈവം പുലർത്തും. സ്ഥിര മാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്ക കൊണ്ട് നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കും (യെശയ്യാ.26:3) കർത്താവ് പ്രകൃതി ശക്തി കളെ ശാസിച്ചു ശാന്തമാക്കി തന്റെ അധികാരം ശിഷ്യന്മാരുടെ മുമ്പാകെ വെളിപ്പെടുത്തി. ലോക സാഗരത്തിലൂടെ സിയോൻ യാത്ര ചെയ്യുന്നവ രാണ് വിശ്വാസികൾ. ജീവിത സഞ്ചാരത്തിൽ വിശ്വാസപടക് ഇളക്കിമറിക്കുവാൻ തിരമാലകൾ ആഞ്ഞടിച്ചു എന്നുവരാം. ആർത്തിരമ്പുന്ന അല കൾ കണ്ട് പിൻ മാറുന്നവരല്ല വിശ്വാസികൾ യേശു വിന്റെ മാർവ്വിൽ ചാരി സധൈര്യം മുന്നേറുന്നവ രാണ് വിശ്വാസികൾ. അക്കരെ നാടിനെ ലാക്കാക്കി യാത്ര ചെയ്യുന്നതിന് ആണ് സാക്ഷാൽ ഗുരുവായ കർത്താവ് നമ്മെ വിളിച്ചിരിക്കുന്നത്. ഇന്നും അവന് നമ്മോടുള്ള ആഹ്വാനം നാം അക്കരെയ്ക്ക് പോകുക എന്നതാണ്. കാരണം നാം സ്വർഗ്ഗീയ പൗരന്മാരും സ്വർഗ്ഗീയ വിളിക്ക് ഓഹരിക്കാരുമാണ്. മർക്കോസ് 4:36–ൽ ഈ യാത്രയിൽ അവർ ഏക രല്ലായിരുന്നു. അനേക ചെറുപടകുകൾ കൂടെ ഉണ്ടായിരുന്നു എന്ന് കാണുവാൻ സാധിക്കുന്നു. കർത്താവ് നമ്മുടെ പടകിലുണ്ടെങ്കിൽ നാം തനിയെ അല്ല നമ്മെ അനുഗമിക്കുവാൻ അനേകർ ഉണ്ടാകും.

തിബര്യാസ് കടലിലെ അലകളെ കീറിമുറിച്ച് മുന്നേറുന്ന പടകിന് നേരെ അപ്രതീക്ഷിതമായി ട്ടാണ് കാറ്റും കോളും ഉണ്ടായത്. ജീവിതത്തിന് നേരെ വെല്ലുവിളികൾ ഉണ്ടാകുമ്പോൾ ദൈവപൈ തൽ പതറരുത്. കർത്താവ് നിന്റെ പടകിലുണ്ട്. കർത്താവ് ആദരിച്ച അനേകം ചെറുപടകുകൾ ഉണ്ട്. കാറ്റിനെയും കടലിനെയും ശാസിച്ചത് ഈ പടകുകളുടെ രക്ഷയ്ക്കാണ്. ദൈവത്തിന് നമ്മോ ടുള്ള കരുതൽ എത്ര വലിയത്. ഈ ചെറുപടകു കളിൽ നാം ഉറങ്ങിപോകരുത്. അപകടവേളകളിൽ അവൻ നമ്മെ രക്ഷിക്കുന്നവനാണ്. നമ്മുടെ പട കിൽ നാം ഉണർന്നിരിക്കണം. ഉറങ്ങിയാൽ ഉണ രാൻ ഒരു നിലവിളി ആവശ്യമായി വന്നേക്കാം. യേശുവാണിപടകിന്റെ അമരക്കാരൻ. അലകട ലിനെ ശാസിക്കുവാൻ അവൻ അധികാരം ഉള്ളവ നാണ്. കർത്താവിന്റെ വാക്ക് കേട്ട് ഇറങ്ങിതിരി ച്ചാൽ ദൈവജനം എത്തിച്ചേരുന്നത് സീയോനിൽ ആയിരിക്കും. സ്വർഗ്ഗസീയോനിനെ ലക്ഷ്യമാക്കി യാത്ര തുടരാം.

ഇങ്ങനെ എല്ലാവരും സീയോനിൽ ദൈവസ ന്നിധിയിൽ എത്തിച്ചേരും. ക്രിസ്തീയജീവിതം ആരംഭിക്കുന്നത് സ്വർഗ്ഗീയ ദർശനത്തോടുകൂടിയാ ണ്. ഒഴിഞ്ഞുകിടക്കുന്ന ഹൃദയത്തിലെ അറകൾ ദൈവീകപ്രമാണം കൊണ്ട് നിറയ്ക്കണം. ക്രിസ്തീയജീവിതം ഒരു തീർത്ഥയാത്രയാണ്. അതിനാവശ്യമായ ഇന്ധനം നാം കർത്താ വിൽനിന്നും ദിനന്തോറും പ്രാപിക്കണം.

ഏതോ ഒന്നിനുവേണ്ടി വെപ്രാളപ്പെട്ട് പരക്കം പാഞ്ഞോടുന്നവരാണ് ലോകമനുഷ്യർ. സംതൃ പ്തിയില്ലാതെ സമാധാനമില്ലാതെ പണവും പ്രതാ പവും എത്രത്തോളം ഉണ്ടായിട്ടും ശാസ്ത്രീയ ക ണ്ടുപിടുത്തങ്ങൾ സംഖ്യാതിതമായ വിധത്തിൽ വർദ്ധിച്ചിട്ടും തൃപ്തി വരാതെ ആർത്തിയോടെ പിന്നെയും ഓടുന്നു. എന്താണ് കാരണം? പാപ ത്താൽ ദൈവസന്നിധി വിട്ട് ദൈവജീവൻ നഷ്ട പ്പെട്ട് അകൃത്യത്തിലും പാപത്തിലും മരിച്ച മനു ഷ്യൻ സ്വന്തമായി അവ ഒന്നും വീണ്ടെടുക്കാൻ കഴിവില്ലാത്തവൻ ആണ്. ഇവിടെയാണ് അവന് ഒരു രക്ഷകൻ ആവശ്യം. സിയോൻ സഞ്ചാരി ആ രക്ഷകനെ കണ്ടു. അത് കർത്താവായ യേശുക്രി സ്തുമാത്രമാണ്. ഇത് വായിക്കുന്ന താങ്കളും വഴിയും സത്യവും ജീവനുമായ യേശുക്രിസ്തു വിനെ അടുത്തറിഞ്ഞ് അനുഗമിക്കാത്ത ഒരു വ്യക്തിയാണെങ്കിൽ ദയവായി ക്രിസ്തുവിലേക്ക് വരിക. സിയോൻ യാത്ര ആരംഭിക്കുക. ലക്ഷ്യ ത്തോടെ പ്രയാണം ചെയ്യുക. ദൈവം അനുഗ്രഹി ക്കട്ടെ. ◆

**മിഷൻ ഫീൽഡ് പ്രവർത്തനങ്ങൾ**

## പനമരം മിഷൻ ഫീൽഡ്

ദൈവകൃപയാൽ പനമരം മിഷൻ ഫീൽഡിലെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. ഇത് വയനാട്ടിലെ പുതിയ പ്രവർത്തനങ്ങളിൽ ഒന്നാണ്. 2014-ൽ ആണ് ഈ പ്രവർത്തനം ആരംഭിച്ചത്. മിഷണറി പ്രസാദ് സി.എം. കുടുംബമായി ഇവിടെ പ്രവർത്തിക്കുന്നു. ഈ പ്രവർത്തനത്തിന്റെ ഉന്നമന ത്തിനായി ഭവനസന്ദർശത്തിലൂടെയും വ്യക്തിപരമായും പരസ്യമീറ്റിങ്ങുകളിലൂടെയും സുവിശേഷം ജന ങ്ങളിൽ എത്തിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ ഫലമായി അനേക ആദിവാസി കോള നികളെ കേന്ദ്രീകരിക്കുവാൻ കഴിയുന്നു. ഇതുനിമിത്തം അനേകർ ദൈവവചനം സ്വീകരിക്കുകയും പുതിയ 4 കുടുംബങ്ങൾ ആരാധനയ്ക്കായി കടന്നുവരുന്നു. എല്ലാ ഞായറാഴ്ചകളിലും 50-60 ഓളം ആദിവാസികൾ നിരന്തരമായി ആരാധനയിൽ കടന്നുവരുന്നു. എന്നാൽ ട്രൈബൽ മിഷന് സ്വന്തമായി സ്ഥലമോ, സഭാഹാളോ ഇല്ല. വാടക കെട്ടിടത്തിലാണ് ജനങ്ങൾ ആരാധനയ്ക്കായ് കൂടിവരുന്നത്. നിങ്ങളുടെ പ്രാർത്ഥനയെ ഇതിനായി ക്ഷണിക്കുന്നു. 12-ൽ അധികം കോളനികൾ ഇവിടെയുണ്ട്. ഇനിയും സുവിശേഷം അറിയുവാൻ ഇവിടെല്ലാം പ്രവർത്തനം തുടങ്ങുവാൻ പ്രാർത്ഥിക്കണം. എന്നാൽ 22 വ്യക്തികൾ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. അവർ സ്നാനത്തിനായി ഒരുങ്ങികൊ ണ്ടിരിക്കുന്നു. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയെ ഈ പ്രവർത്തനത്തിനായി ചോദിക്കുന്നു. ◆





# ജനറൽ സെക്രട്ടറിയുടെ കത്ത്



ഡോ. കെ. മുരളീധർ MD, MNAMS

# നാം നമ്മുടെ ലജ്ജാബോധം നഷ്ടപ്പെട്ടവരാണോ...?

*(കഴിഞ്ഞലക്കം തുടർച്ച...)*

**ദൈ**വത്തിന് ഒരു പുരുഷനെ വേണം. അതായിരുന്നു ദൈവത്തിന്റെ ഭാരം. യഥാർത്ഥ കഥയുടെ രഹസ്യം വെളിപ്പെടുന്നത് ഇപ്രകാരമാണ്. ദൈവത്തിന്റെ ഹൃദയത്തിൽ ഒരു പുരുഷനു വേണ്ടിയുണ്ടായിരുന്ന ഭാരം ഹന്നയുടെ ഹൃദയത്തിൽ ഒരു ആൺകുഞ്ഞിന് വേണ്ടിയുള്ളതായി കൊടുത്തു. അങ്ങനെ ഹന്നയുടെ ഹൃദയഭാരം ദൈവത്തിന്റെ ഹൃദയഭാരമായി മാറി. എന്നാൽ ഹന്ന അത് അറിയുന്നില്ല. ഒരു ആൺപൈതലിനു വേണ്ടി ഹന്ന പ്രാർത്ഥിക്കുവാനും അഭയ യാചന ചെയ്യുവാനും നിർബന്ധിക്കപ്പെടുന്നു. എന്നാൽ ആ പൈതൽ തന്നെയാണ് ദൈവത്തിന്റെ സന്ദേശവാഹകനായി ദൈവം ആഗ്രഹിക്കുന്ന ഒരു മദ്ധ്യസ്ഥനും പുരോഹിതനുമായ മനുഷ്യൻ. ഭൗമികമായ ഒരു ആവശ്യം, ഒരു കുഞ്ഞിനുവേണ്ടിയുള്ള അപേക്ഷ ദൈവം നിരസിക്കുന്നില്ല. എന്നാൽ ദൈവം തന്റെ തെരഞ്ഞെടുപ്പിൻപ്രകാരമുള്ള ഒരുവനെതന്നെ ഹന്ന ഗർഭം ധരിക്കുവാനും ഗർഭം മുതൽ തന്നെ ശാരീരികമായും ആത്മിയമായുള്ള പോഷണം കുഞ്ഞിന് ലഭിക്കുവാനുമായി ഹന്നയെ ദൈവം മെനഞ്ഞെടുക്കുവാനായിട്ടാണ് അവളുടെ അപേക്ഷക്ക് മറുപടി നീണ്ടുപോയത്. ഹന്നയുടെ ഗർഭം അടഞ്ഞിരുന്നു എന്നതും അവൾ സഹിക്കേണ്ടിവന്ന ലജ്ജാകരമായ നിന്ദയും ദൈവഹിതത്തിന് സംമ്പൂർണ്ണമായി സമർപ്പിക്കുവാൻ ഹന്നയെ തള്ളിവിടുന്ന മുഖാന്തരമായി ഭവിച്ചു. (നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ).

സംഭവ ബഹുലമായ ആ വർഷം ഹന്ന ശീലോഹിൽ വന്നപ്പോൾ അവളുടെ ഹൃദയത്തിൽ ദുഃഖമല്ലായിരുന്നു. പിന്നയോ, നിരാശയും അപമാനബോധവും ലജ്ജയും ഉണ്ടായിരുന്നു. എന്നാൽ ഈ അവസ്ഥയിൽ അവൾ തന്റെ ഹൃദയം ദൈവ



സന്നിധിയിൽ ദൈവഹിതത്തിന് ഒത്തവണ്ണം അവളുടെ മനസ്സ് പകരുവാൻ തുടങ്ങി. മനോവ്യസനത്തോടെ അവൾ യഹോവയോട് പ്രാർത്ഥിച്ച് വളരെ കരഞ്ഞു. അവൾ ഒരു നേർച്ച നേർന്നു. “സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കുകയും അടിയനെ മറക്കാതെ ഒരു പുരുഷ സന്താനത്തെ നൽകുകയും ചെയ്താൽ അടിയൻ അവനെ ജീവപര്യന്തം യഹോവയ്ക്ക് കൊടുക്കും.” (1 ശമുവേൽ 1:10-12)

അവൾ തന്റെ മനസ്സ് ദൈവഹിതത്തിനായി വിധേയപ്പെടുത്തിയപ്പോൾ മനുഷ്യബുദ്ധിക്ക് അധീതമായ വിധത്തിൽ അവളുടെ പ്രാർത്ഥന ഉയരത്തിലെത്തി. അവളുടെ ഉപദേഷ്ടാവും സഹായകനുമായിരിക്കേണ്ടിയിരുന്ന മഹാപുരോഹിതനായ ഏലിക്ക് പോലും അവളുടെ പ്രാർത്ഥനയുടെ അനുഗ്രഹം മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, അവൾ മത്ത് പിടിച്ചിരിക്കുന്ന ഒരു നീച സ്ത്രീ ആയിട്ടാണ് ഹന്നയെ കരുതുകയും അവളെ ശാസിക്കുകയും ചെയ്തത്.

ഹന്ന അവളുടെ ഹൃദയം ദൈവസന്നിധിയിൽ പകർന്നുകൊണ്ട് പ്രാർത്ഥിക്കുകയായിരുന്നു. അവളുടെ ചുണ്ടുകൾ ചലിച്ചുകൊണ്ടിരുന്നു. എന്നാൽ അവളുടെ ശബ്ദം കേൾപ്പാനില്ലായിരുന്നു. അവൾ മദ്യപിച്ച് ലഹരിയിൽ ആയിരിക്കുകയാണെന്ന് ഏലി ചിന്തിച്ച് അവളോട് ഇപ്രകാരം പറഞ്ഞു “നീ എത്രത്തോളം ലഹരി പിടിച്ചിരിക്കുന്നു? നിന്റെ വീഞ്ഞ് ഇറങ്ങട്ടെ.” (1 ശമുവേൽ 1:14)

ഒരു കാര്യം നിശ്ചയമാണ്. ദൈവത്തെ അനുസരിക്കുവാനും ജീവിതത്തെ ദൈവഹിതത്തിന് അനുസൃതമായി ഏല്പിച്ച് കൊടുക്കുവാനും ആഗ്രഹിക്കുന്ന വ്യക്തികളെ ലോകം ഭ്രാന്തന്മാരായി പരിഗണിക്കുന്നു. ഹന്നയുടെ കാര്യത്തിൽ ഒരു കാര്യം നമ്മെ പഠിപ്പിക്കുന്നത് ദൈവദാസന്മാരെന്നും പാസ്റ്റർമാരെന്നും പറയപ്പെടുന്നവർ ചിലപ്പോൾ ദൈവഹിതത്തിന് ആത്മാർത്ഥമായി ജീവിതത്തെ വിധേയപ്പെടുത്തുന്നവരെ നിരുൽസാഹപ്പെടുത്തുന്നതായി കാണുവാൻ കഴിയും. മഹാപുരോഹിതനായ ഏലിയുടെ ശാരീരികവും ആത്മീയവുമായ ദർശനം നഷ്ടപ്പെട്ടതായി ഇവിടെ കാണുന്നു. എന്തിനതികം പറയണം, അവന്റെ രണ്ട് പുത്രന്മാരും നീചന്മാരായി ദൈവഭയമില്ലാത്തവരായി തീർന്നു. അവരുടെ ദുഷ്പ്രവർത്തികളാൽ ദൈവമന്ദിരത്തെ അവർ അശുദ്ധമാക്കി.

പെനീന നിമിത്തം ഹന്നക്കുണ്ടായ വലിയ നിന്ദയുടെ ഫലമാണ് ജനിക്കുവാനിരിക്കുന്ന മകനെ ജീവപര്യന്തം ദൈവാലയത്തിൽ ശുശ്രൂഷയ്ക്കായി ഹന്ന നേരുവാൻ ഇടയായത്. ഹന്ന മച്ചിയായിരുന്നതിന്റെ ഫലമായി അവളുടെ ലജ്ജാഭാരം ഓരോരുത്തരായി വർദ്ധിപ്പിച്ചു. വിശ്വാസികൾ ഈ ഭൂമിയിൽ മക്കളില്ലാത്തവരായി അതായത് ആത്മാ

ക്കളെ നോടാത്തവരായി ജീവിച്ചാൽ കർത്താവിന്റെ ന്യായസനത്തിൽ മുൻപിൽ ലജ്ജിക്കേണ്ടിവരുമെന്നുള്ള കാര്യം മനസ്സിലാക്കുന്നുണ്ടോ? ദൈവം മനഃപൂർവ്വമായി ഹന്നയുടെ ഗർഭം അടച്ച് അവൾക്ക് നിന്ദ വരുത്തിയതുപോലെ തന്നെ സ്നേഹിക്കുന്ന തന്റെ മക്കളുടെ ജീവിതത്തിൽ അവർ സമ്പൂർണ്ണമായി ദൈവഹിതത്തിന് വഴങ്ങുവാൻ മക്കളെ ദൈവം നൽകാതിരിക്കും. എന്നാൽ കർത്താവിന്റെ ന്യായാസനത്തിന് മുൻപിൽ അവർ ലജ്ജിക്കേണ്ടി വരികയില്ല.

ഹന്നയുടെ കാര്യം നാം നോക്കുമ്പോൾ, അവൾ ദൈവത്തോട് അടുത്തിരുന്ന് പ്രാർത്ഥിച്ച പ്രാർത്ഥനയുടെ ഫലമായി ഒരു കുഞ്ഞിനെ ദൈവം നൽകി. ആ കുഞ്ഞിന് ഹന്നയുടെ ഉദരത്തിൽനിന്നുള്ള പോഷണം മാത്രമല്ല. ഉദരത്തിൽ ഉരുവാക്കുന്നതുമുതൽ അവളുടെ പ്രാർത്ഥനയുടെ പോഷണവും ലഭിക്കുവാൻ ഇടയായി. അങ്ങനെ



ലഭിച്ച പൈതലാണ് ശമുവേൽ. യിസ്രായേലിന്റെ ചരിത്രത്തിൽ ശ്രേഷ്ഠനായ ഒരു പ്രവാചകനായി തീർന്നു. രണ്ട് രാജാക്കന്മാരെ അദ്ദേഹം അഭിഷേകം ചെയ്തു (ശൗൽ, ദാവീദ്) ദാവീദിന്റെ വംശാവലിയിൽനിന്നാണ് രാജാധിരാജാവായ യേശുക്രിസ്തു ജനിച്ചത്. ഈ ആവശ്യത്തിനായിട്ടാണ് ദൈവം ഹന്നയോട് ഇടപെട്ടത്. എന്നാൽ അവളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കാൻ താമസിച്ചത് ദൈവത്തിന്റെ ഒരു കഠിനശിക്ഷയായി പലരും ചിന്തിച്ചേക്കാം. ഹന്ന അറിയാതെതന്നെ ദൈവത്തിന്റെ ഭാരം ദൈവം ഹന്നയുടെ ഭാരമായി മാറ്റുകയായിരുന്നു. വർഷങ്ങൾക്കുശേഷം ഹന്ന പുറകോട്ട് തിരിഞ്ഞ് നോക്കുമ്പോൾ അവൾ ഏറ്റതായ നിന്ദയും ജീവിതത്തിന്റെ കയ്പ്പുമെല്ലാം ഇപ്പോൾ സന്തോഷത്തോടെ അയവിറക്കുവാനും, ദൈവത്തെ സ്തുതിക്കുവാനും അവൾക്ക് ഇടയായി എന്ന് നമുക്ക് ചിന്തിക്കാം. കാരണം ഇപ്രകാരം കയ്പ്പേറിയ അനുഭവമായിരുന്നു പ്രവാചകനായ ശമുവേലിന്റെ ജനനത്തിന് അടിസ്ഥാന കാരണമായത്. പെനീന നിമിത്തം ഹന്നക്കുണ്ടായ എല്ലാ ലജ്ജയും അപമാനവും പരിഹാസവും ദൈവത്തിന്റെ കാര്യപരിപാടിയുടെ ഉപകരണങ്ങളായി ദൈവം മാറ്റി. അതായത് ഹന്നയുടെ പ്രാർത്ഥനയ്ക്ക് ഉത്തരമായി നൽകിയ പുരുഷപ്രജ ദൈവത്തിന്റെ കാര്യപരിപാടിയിലുള്ള പ്രവാചകനായ ശമുവേലിന്റെ ജനനമായി മാറി. നശിച്ചുപോകുന്ന ജനത്തെകണ്ട് ശിഷ്യന്മാരോട് ഇപ്രകാരം പ്രാർത്ഥിക്കുവാൻ യേശു പറഞ്ഞു"കൊയ്ത്ത് വളരെയുണ്ട് സത്യം. വേലക്കാരോ ചുരുക്കം. ആകയാൽ കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേയ്ക്ക് വേലക്കാരെ അയക്കേണ്ടതിന് യാചിപ്പിൻ എന്ന് പറഞ്ഞു" (മത്തായി 9:36-38).

*(ശേഷം 12-ാം പേജിൽ...)*

# “നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല. വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനയോടുമത്രേ..” - എഫേ 6:12



*കെ. ഇ. ജോൺ*



നമ്മുടെ പോരിന്റെ ആയുധം ജഡീകമല്ല. പിന്നെയോ ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിക്കേണം. ഇത് സത്യം, നീതി, സമാധാനം, വിശ്വാസം, രക്ഷ, പരിശുദ്ധാത്മാവ്, പ്രാർത്ഥന ഇതൊക്കെയാണ്. എഫേസ്യർ 6:14-18. വാസ്ഥവമായി, യഥാർത്ഥമായി കർത്താവിന്റെ ശബ്ദം കേട്ട് മുമ്പോട്ടിറങ്ങിയ വിശ്വാസികൾ മാത്രമേ ഈ പോരാട്ടത്തിൽ പിടിച്ചു നിൽക്കുകയുള്ളൂ. ഭൗതികനന്മ മാത്രം കണ്ടുകൊണ്ട് ക്രിസ്തുമതത്തിൽ ചേർന്നുവരുന്നവരുണ്ട്. അവരെ സ്നാനപ്പെടുത്തി സഭാംഗത്വം കൊടുത്താൽ ഇന്ന് അവർ അനുഭവിക്കുന്നതിനേക്കൾ കൂടുതൽ ഭൗതിക നന്മ ലഭിക്കും എന്ന് കണ്ടാൽ അവർ മടങ്ങി അങ്ങോട്ടുപോകും. ആയതിനാൽ സുവിശേഷവേലക്കാർ ഒരു കാര്യം പ്രായോഗിക്കണം. കർത്താവ് അവരുടെ ഉള്ളിൽ വന്നുവോ എന്ന് ഉറപ്പുവരുത്തണം. മാനസാന്തപ്പെട്ട ആളാണെന്ന് അവരുടെ പ്രവൃത്തികളാൽ വെളിപ്പെട്ടവരും, സ്നാനത്തിന്റെ ആത്മീക അർത്ഥം എന്താണെന്ന് വാസ്ഥവമായി മനസ്സിലാക്കിയവരും ആയിരിക്കണം. ഞാൻ സ്നാനശുശ്രൂഷ നടത്തിയ പല സന്ദർഭങ്ങൾ ഇപ്പോഴും ഓർക്കുന്നു. വ്യക്തിപരമായി ഞാൻ അവരോട് സംസാരിക്കുമ്പോൾ സ്നാനത്തെക്കുറിച്ച് യാഥാർത്ഥമായ പൊരുൾ അവർക്ക് മനസ്സിലായിട്ടില്ല എന്ന് ബോദ്ധ്യമായി. തന്നിമിത്തം അവർ ദൈവവചനം പഠിച്ച് അല്പംകൂടി വളർച്ച പ്രാപിക്കുവാൻ ചിലരെയെല്ലാം മാറ്റി നിർത്തിയത് ഞാൻ ഓർക്കുന്നു. കാര്യകാരണസഹിതം വിവരിപ്പാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല.

ഒന്നാം നൂറ്റാണ്ടുമുതൽ ക്രിസ്തീയസഭ പീഢനത്തിൽകൂടി കടന്നുവരികയാണ്. റോമാ ഗവൺമെന്റിന്റെ കാലം മുതൽ ലക്ഷക്കണക്കിന് ആളുകൾ ഈ സുവിശേഷത്തിനുവേണ്ടി രക്തസാക്ഷികളായി തീർന്നിട്ടുണ്ട്. ഇന്നും ലോകത്തിൽ ധാരാളം രക്തസാക്ഷികൾ സുവിശേഷത്തിനു വേണ്ടി ജീവൻ അർപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ക്രിസ്തീയ സഭ ഒന്നിനൊന്ന് വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. അതിന്റെ കാരണം നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് ഇപ്രകാരം അരുളിച്ചെയ്തു. “ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല” സഭ കർത്താവിന്റെ വകയാണ്. അവൻ സഭയെ പണിതുകൊണ്ടേയിരിക്കുന്നു. ഈ പണിക്ക് നമ്മെ ☛

സജ്ജമാക്കുന്നത് പരിശുദ്ധാത്മാവാണ്. നമ്മെ പാപത്തിൽനിന്നും വീണ്ടെടുത്ത് സ്വർഗ്ഗത്തിന് അവകാശികളാക്കിയ നമ്മുടെ കർത്താവ് ഭൂമിയിൽ ആയിരുന്നപ്പോൾ ഭാവികാര്യങ്ങളെക്കുറിച്ച് ശിഷ്യന്മാരെ ഓർമ്മപ്പെടുത്തി അത് ഇപ്രകാരമാണ്. എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവെന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടി ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും. യോഹന്നാൻ 14:16. "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയക്കുവാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ" യോഹന്നാൻ 14:26. പ്രിയ ദൈവജനമേ പരിശുദ്ധാത്മാവ് ഒരു ശക്തിയല്ല. പിന്നെയോ ഒരു വ്യക്തിയാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. തുല്യപദവി. ഞാൻ ചിലനാളുകൾക്കുമുമ്പ് ഒരു ശുശ്രൂഷയ്ക്ക് പോയി. പ്രസ്തുത വലിയ കൂട്ടത്തിൽ ഞാൻ ഈ ചോദ്യം ചോദിച്ചു. പരിശുദ്ധാത്മാവ് ഒരു ശക്തിയോ? വ്യക്തിയോ? അവിടെകൂടിയിരുന്നവരിൽ പകുതിയിൽ അധികം പേരും ഏക വായാലേ പറഞ്ഞു. ഒരു ശക്തിയാണെന്ന്. ആത്മനിറവ് പ്രാപിച്ച് അന്യഭാഷ സംസാരിക്കുന്നവരും ഇക്കൂട്ടത്തിലുണ്ടായിരുന്നു. ഒരു ശക്തി കുറച്ചുനേരത്തേക്ക് തന്നശേഷം മാറിപ്പോകുന്നവനല്ല പരിശുദ്ധാത്മാവ്. അവൻ എന്നേക്കും നമ്മോടുകൂടി ഇരിക്കും. വിശുദ്ധിക്ക് ചേരാത്ത സംസാരമോ, ഇടപെടലോ നമ്മിൽ ഉണ്ടാകുമ്പോൾ നമ്മോടുകൂടിയുള്ള പരിശുദ്ധാത്മാവ് നമ്മെ വിലക്കും. യോഹന്നാൻ 16:8-13. പൗലോസ് അപ്പോസ്തലനോട് ചോദിച്ചാൽ പൗലോസ് ഇപ്രകാരം പറയും "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല." റോമർ8:9. ഈ പരിശുദ്ധാത്മാവിനെ കെടുത്തിക്കളയരുത്. ഈ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. ജീവൻമരണ പോരാട്ടത്തിന്റെ നടുവിൽ ഈ പരിശുദ്ധാത്മാവ് പുതുബലം തന്ന് നമ്മെ ശക്തികരിക്കും.

രക്തസാക്ഷി മരണം വരിച്ച പോളികാർപ്പിനേക്കുറിച്ച് കഴിഞ്ഞ ദിവസം വായിപ്പാനിടയായി. വലിയപീഡനം ഉണ്ടായപ്പോൾ ഭക്തനായ പോളികാർപ്പിനെ ശത്രുക്കൾ പിടികൂടി. ഭരണാധികാരിയുടെ മുമ്പിൽ കൊണ്ടുവന്നു നിർത്തി. തൊട്ടടുത്ത് എരിയുന്ന വലിയ തീച്ചൂള കാണാം. യേശുക്രിസ്തുവിനെ തള്ളിപ്പറയുന്നില്ലെങ്കിൽ പൊടുന്നനവേ എരിയുന്ന തീച്ചൂളയിൽ ഇടും. പോളിക്കാർപ്പ് ഭരണാധികാരിയുടെ മുമ്പിൽ ശാന്തമായി സന്തോഷത്തോടെ വന്നുനിന്നു. ഭരണാധികാരി ഇപ്രകാരം ചോദിച്ചു. "അല്ലയോ പോളിക്കാർപ്പേ നീ യേശുവിനെ തള്ളിപ്പറഞ്ഞാൽ നിന്നെ വെറുതെ വിടാം. നിനക്ക് സന്തോഷകരമായി ജീവിക്കാം. മറിച്ചാണെങ്കിൽ ആ കാണുന്ന എരിതീയിൽ വെന്ത് ചാമ്പലാകും. ഏതു വേണം." പോളികാർപ്പ് ഇപ്രകാരം മറുപടി കൊടുത്തു. "കഴിഞ്ഞ 90 വർഷക്കാലം ഒരു ദോഷവും ചെയ്യാതെ എന്നെ നടത്തിയ എന്റെ ദൈവത്തെ ഞാൻ എങ്ങനെ ഉപേക്ഷിക്കും, എങ്ങനെ തള്ളിപ്പറയും". ഇതുകേട്ട ഉടനെ പോളീകാർപ്പിനെ എരിയുന്ന തീച്ചൂളയിലേക്ക് വലിച്ചെറിഞ്ഞു. വെന്ത് ചാമ്പലായി. സഭ വളർന്നുകൊണ്ടേയിരിക്കുന്നു. ഒരു ജീവൻമരണ പോരാട്ടത്തിന്റെ വക്കിൽ നാം എത്തിക്കൊണ്ടിരിക്കയാണ്. ഇവിടെ ജയിച്ചുനിൽക്കണമെങ്കിൽ പരിശുദ്ധാത്മാവ് നമ്മുടെകൂടെ ഉണ്ടായിരിക്കും. ആത്മാവ് നമ്മുടെ ബലഹീനതയ്ക്ക് തുണ നിൽക്കുന്നു. ആകയാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിനോട്ചേർന്നുനിന്ന് സാത്താനോട് പോരാടി ജയം എടുക്കാം. നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവും താനും നമ്മുടെ ആത്മാവോടുകൂടി സാക്ഷ്യം പറയുന്നു. - റോമർ 8:16 നമ്മുടെ സാക്ഷ്യം നിലനിർത്തിക്കൊണ്ട് ജയാളികളായി ജീവിതം നയിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ...

ആമേൻ.....

◆

# പ്രമാണങ്ങൾ പാലിച്ച് സ്വതന്ത്രരാകുക



ഡോ. ജോർജ്ജ് സാമുവേൽ

ഒരു പക്ഷെ നിയമങ്ങളും പ്രമാണങ്ങളും മറ്റും അനുസരിക്കുന്നതിലൂടെ വ്യക്തി സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്ന് ചിലർ കരുതിയേക്കാം. വാസ്തവത്തിൽ കൂടുതൽ നിയമങ്ങൾ അനുസരിക്കുന്തോറും കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുകയാണ്. ഒരു ഉദാഹരണം, മേശമേൽ വച്ചിരിക്കുന്നതായ ഒരു പേനയുടെ കാര്യം നോക്കാം. ഗുരുത്വാകർഷണം എന്ന നിയമം (പ്രമാണം) അനുസരിക്കുന്നതുമൂലമാണ് പ്രസ്തുത പേന അവിടെയിരിക്കുന്നത്. ഒരു ഇഴജന്തുവാണെങ്കിൽ ഗുരുത്വാകർഷണ നിയമവും ചലനത്തിന്റെ നിയമവും അനുസരിക്കുന്നതുകൊണ്ട് അതിന് ഒരിടത്ത് വസിക്കുക മാത്രമല്ല സ്വതന്ത്രമായി ഇഴഞ്ഞ് വിഹരിക്കുന്നതിനുള്ള സ്വാതന്ത്ര്യം കൂടി അനുഭവ വേദ്യമാകുന്നു. ഒരു പക്ഷിയുടെ കാര്യത്തിലോ അത് മേൽപ്പറഞ്ഞ രണ്ടു നിയമങ്ങൾ കൂടാതെ പറക്കുന്നതിനുള്ള നിയമംകൂടി അനുസരിക്കുന്നതിനാൽ ആകാശത്തിന്റെ അനന്ത വിഹായസ്സിൽ പാറിപ്പറക്കുന്നതിനുള്ള സ്വതന്ത്ര്യമാണ് മൂന്നു നിയമങ്ങൾ അനുസരിക്കുന്നതിലൂടെ അത് കൈവരിക്കുന്നത്.



ദൈവത്തിന്റെ പ്രമാണങ്ങൾ എത്ര മാത്രം അനുസരിക്കുന്നതിന് നാം തയ്യാറാകുമോ അത്രമാത്രം സ്വാതന്ത്ര്യമാണ് കൈ വരിക്കാനാകുന്നത്. നമ്മുടെ നിയന്ത്രണത്തിലല്ലാത്ത അനേകം സംഭവങ്ങൾ നമ്മെ വലയം ചെയ്യുമ്പോൾ ദൈവീക പ്രമാണങ്ങൾ അടിയുറച്ച് വിശ്വസിച്ച് അനുസരിക്കുന്നതോടുകൂടി പലവിധ വലയങ്ങളിൽ നിന്ന് മോചനം പ്രാപിക്കുവാൻ കഴിയുന്നു. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും അതുമൂലമുള്ള ധൈര്യവുമാണ് വിശ്വാസിയെ പ്രമാണങ്ങളിൽ ഉറപ്പിച്ചു നിർത്തുന്നത്. മാറിയും മറഞ്ഞും കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ആശ്രയം മാറ്റമില്ലാത്ത ദൈവത്തിൽത്തന്നെ ആയിരിക്കേണ്ടതാണ്. മാറ്റമില്ലാത്ത പ്രമാണങ്ങളും വാഗ്ദത്തങ്ങളുമാണ് ദൈവം നമുക്ക് നൽകിയിരിക്കുന്നത്.

അഹന്തയിൽനിന്നുള്ള ചിന്ത പ്രമാണലംഘനത്തിന് കാരണമാകാം. ആദ്യ മനുഷ്യന്റെ പാപം “ദൈവത്തെപ്പോലെയാകണം” എന്നുള്ള അഹന്തയുടെ പ്രതിഫലനം ആയിരുന്നല്ലോ (ഉല്പ.3:5). അന്നു മുതൽ ആ പരീക്ഷ ഇപ്പോഴും നമ്മെ സ്വാധീനിക്കുന്നു. ഫെലിസ്ത്യനായ ഗോല്യാത്തിന്റെ വെല്ലുവിളിക്കെതിരെ ദൈവം തന്നെ മുൻപ് സഹായിച്ച വിവരം ദാവീദ് പറഞ്ഞിരിക്കുന്നു. എന്നാൽ അതിലൂടെ അദ്ദേഹം ആഗ്രഹിച്ചത്. ‘‘ഇസ്രായേലിൽ ഒരു ദൈവം ഉണ്ട്” എന്ന് സർവ്വ ഭൂമിയും അറിയണമെന്നുള്ളതായിരുന്നു (2 ശമു. 17:46). സിംഹത്തെപ്പോലും കൊല്ലുവാൻ ദാവീദിനിടയായത് പറയുകയുണ്ടായി. സിംഹത്തെ കൊല്ലുന്നതു പോലെയുള്ള പ്രശസ്തി നേടുന്നതിനായി പ്രമാണങ്ങളെ തള്ളിക്കളയാനുള്ള പരീക്ഷയും ഉണ്ടാകാം. സാഹചര്യത്തിനൊത്ത് അയവു വരുത്തുകയല്ല, ദൈവത്തിന്റെ മാറ്റമില്ലാത്ത പ്രമാണങ്ങളെ നാം മുറുകെപ്പിടിച്ച് അവയെ പാലിക്കുന്നതാണാവശ്യം ◆



ദൈവ ഇഷ്ടം അറിയുന്നതിന് ഏറ്റവും നല്ല വഴി, ‘ഞാൻ ചെയ്യും’ എന്ന് ദൈവത്തോട് പറയുകയാണ്.

# ഇത്ര വലിയ രക്ഷ

## "So Great Salvation"

*കെ.വി. പൗലോസ് M.A., B.Ed.*



**ഇ**ത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെപോയാൽ ശിക്ഷാവിധിയിൽനിന്നും തെറ്റി ഒഴിയുവാൻ (രക്ഷപെടുവാൻ) സാദ്ധ്യമല്ല എന്നാണ് മേൽ ഉദ്ധരിച്ച വാക്യം സൂചിപ്പിക്കുന്നത്. ഒരു മഹത്തേറിയ രക്ഷയും ഒരു ഭയങ്കരമായ ന്യായവിധിയും തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. രക്ഷ എന്നാൽ ശിക്ഷയിൽനിന്നുള്ള വിടുതലാണ്. ശിക്ഷ എന്താണ്? പാപത്തിന്റെ ഫലമായി എല്ലാവരും നരകശിക്ഷക്ക് അർഹരായി തീർന്നു. എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ പാപമോചനവു രക്ഷയും ദൈവം മാനവജാതിക്ക് ഒരുക്കിയിരിക്കുന്നു. ഇപ്രകാരം ദൈവം ഒരുക്കിയിരിക്കുന്ന രക്ഷ സ്വീകരിക്കാതെ പോകുന്നവരാണ് നിത്യനരകത്തിന് അർഹരായി തീരുന്നത്. എന്നാൽ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച് പാപക്ഷമ പ്രാപിച്ച് ക്രിസ്തുവുമായുള്ള ബന്ധത്തിൽ ആയിരിക്കുന്നവർക്ക് ശിക്ഷയില്ല. (റോമർ 8:1). അവർക്ക് ശിക്ഷാവിധിയിൽനിന്നും മോചനം അല്ലെങ്കിൽ രക്ഷയുണ്ട്. അത് മഹത്വമേറിയ രക്ഷയാണ്. ഈ രക്ഷ അവഗണിച്ചാൽ ശിക്ഷാവിധിയിൽ അകപ്പെടും. അതുകൊണ്ടാണ് തിരുവചനം ഇപ്രകാരം ഓർപ്പിക്കുന്നത്. "ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും."




**ഇത്ര വലിയ രക്ഷ എന്ന് ഈ രക്ഷയെകുറിച്ച്** പറയുന്നത് എന്തുകൊണ്ടാണ്? മാനവജാതിക്ക് ദൈവം ഒരുക്കിയിരിക്കുന്ന ഈ രക്ഷ ഇത്ര വലിയ രക്ഷ എന്ന് പറയുവാൻ പലകാരണങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ട ചില കാരണങ്ങൾ പരിശോധിക്കാം.

(1) സാത്താനും സൈന്യവും വീണുപോയ ദൂതന്മാർ (Fallen angels) ആണ്. ദൈവത്തിന്റെ സിംഹാസനത്തിന് തുല്യമായി സിംഹാസ്തനസ്ഥനായി വാഴും എന്ന് ലൂസിഫർ (അരുണോദയ പുത്രനായ ശുക്രൻ) ചിന്തിച്ച് അഹങ്കരിച്ചു. ഉടനെ ദൈവം അവനെ വെട്ടി താഴേക്ക് ഇട്ടു. അവന് അനുതപിപ്പാൻ അവസരം കൊടുത്തില്ല. എന്നാൽ പാപം ചെയ്തു ദൈവതേജസ്സ് നഷ്ടമാക്കിയ മാനവജാതിക്ക് അനുതപിച്ച് രക്ഷ പ്രാപിക്കുവാൻ ദൈവം അവസരം കൊടുത്തിരിക്കുന്നു. സകല മനുഷ്യരും രക്ഷ പ്രാപിപ്പാൻ ദൈവം ആഗ്രഹിച്ചുകൊണ്ട് അവസരം നൽകിയിരിക്കുന്നു. എത്ര വലിയ കരുണയാണ് ദൈവം മാനവജാതിക്ക് നൽകിയിരിക്കുന്നത്. അതുകൊണ്ടാണ് ഇത്ര വലിയ രക്ഷ എന്ന് പറഞ്ഞിരിക്കുന്നത്.

(2) ഇത്ര വലിയ രക്ഷ മാനവജാതിക്കുവേണ്ടി ഒരുക്കുവാൻ ദൈവത്തിന് വലിയ ഒരു മുതൽമുടക്കു

ണ്ട്. തന്റെ ഏകജാതനായ പുത്രനായ യേശുക്രിസ്തുവിന്റെ രക്തത്താലാണ് മാനവജാതിയുടെ പാപത്തിന് പരിഹാരം വരുത്തിയിരിക്കുന്നത്. “വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്ന്, വെള്ളി മുതലായ അഴിഞ്ഞ് പോകുന്ന വസ്തുക്കളെ കൊണ്ടല്ല ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ...”(1 പത്രോസ് 1:18 -19)

(3) ഈ രക്ഷ ഒരുക്കുവാൻ ദൈവത്തിന് ഇത്രയും ചെലവ് (മുടക്ക്) വേണ്ടിവന്നു എങ്കിലും ഈ രക്ഷ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും സൗജന്യമായി ലഭിക്കുന്നു. അതുകൊണ്ടാണ് ഇത്ര വലിയ രക്ഷ (മഹത്തേറിയ രക്ഷ) എന്ന് പറയുന്നത്. (റോമർ 3:24-26) യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് ഈ രക്ഷയ്ക്ക് അടിസ്ഥാനം. ഇത് വിലകൊടുത്ത് നേടുവാൻ സാദ്ധ്യമല്ല. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും സൗജന്യമായി ഈ രക്ഷ ലഭിക്കുന്നു എന്നതാണ് ഇതിന്റെ ശ്രേഷ്ഠത. ഏതു പാപിക്കും യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ സൗജന്യമായി ഈ രക്ഷ അനുഭവമാക്കുവാൻ സാധിക്കുന്നു.

(4) ഇത് ആത്മാവിന്റെ രക്ഷയാണ്. ഒരു ആത്മാവിന്റെ വില സർവ്വലോകത്തേക്കാൾ വിലയേറിയതാണ്. അതുകൊണ്ടാണ് തിരുവചനത്തിൽ ഇപ്രകാരം പറയുന്നത്. “ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ജീവനെ (ആത്മാവിനെ) നഷ്ടപ്പടുത്തിയാൽ അവന് എന്തു പ്രയോജനം” (മത്തായി 16:26).

(5) “ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളി ചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം (യേശുക്രിസ്തു) നമ്മോട് അരുളി ചെയ്തിരിക്കുന്നു.”(എബ്രായർ 1:1-2). കർത്താവ് പറഞ്ഞ് തുടങ്ങിയതും കേട്ടവർ നമുക്ക് ഉറപ്പിച്ച് തന്നതുമായ രക്ഷയാണിത്. മാത്രമല്ല, ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകികൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ച് തന്നതുമായ ഇത്ര വലിയ രക്ഷയാണിത്. (എബ്രായർ 2:3-4).

(6) ഇത്ര വലിയ രക്ഷ എന്ന് പറയുവാനുള്ള മറ്റൊരു കാരണം നോക്കുക. യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ടവരെ ചേർക്കുവാൻ കർത്താവ് വീണ്ടും വരുന്നു. കർത്താവ് മദ്ധ്യാകാശത്തിൽ വെളിപ്പെടുമ്പോൾ ക്രിസ്തുവിൽ മരിച്ച വിശ്വാസികൾ ഉയർത്തെഴുന്നേൽക്കും. പിന്നെ ജീവനോടെ ശേഷിക്കുന്ന വിശ്വാസികൾ രൂപാന്തരം പ്രാപിച്ച് കർത്താവിനെ എതിരേൽപ്പാൻ മേഘത്തിൽ എടുക്കപ്പെടും. അങ്ങനെ ദൈവമക്കൾ കർത്താവിനോടുകൂടെ എന്നന്നേക്കും വസിക്കും. യേശു പറഞ്ഞു, “ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും.” (യോഹ.14:3) എന്നേക്കും ദൈവത്തോടുകൂടെ വസിക്കുന്ന അനുഭവമാണ് ഈ രക്ഷാ (This salvation is eternal life with God) ഇത്ര സൗഭാഗ്യമേറിയതാണ് ഈ രക്ഷ.

ഈ രക്ഷ ഇത്ര വലിയതാണെന്ന് മനസ്സിലാകണമെങ്കിൽ, ഈ രക്ഷ അവഗണിക്കുന്നവരുടെ അന്ത്യം മനസ്സിലാക്കണം. എല്ലാവരും പാപം ചെയ്തു നിത്യനരകത്തിന് അർഹരായിരിക്കുന്നു. എന്നാൽ എല്ലാവർക്കും സൗജന്യമായി യേശുവിലെ വിശ്വാസത്താൽ രക്ഷ ഒരുക്കിയിരിക്കുമ്പോൾ ഈ രക്ഷ അവഗണിക്കുന്നവർക്ക് കഠിനമേറിയ നരകശിക്ഷയാണ് അവശേഷിക്കുന്നത്. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് രക്ഷ പ്രാപിക്കാത്തവരുടെ പേര് ജീവപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് അവരുടെ അവസ്ഥ ഭയങ്കരമാണ്. “ജീവപുസ്തകത്തിൽ പേര് എഴുതി കാണാത്ത ഏവനേയും ◆

തീ പൊയ്കയിൽ തള്ളിയിടും." (വെളിപ്പാട് 20:15). ഈ തീ പൊയ്കയുടെ(നരകത്തിലെ) അനുഭവങ്ങൾ : കൂരിരുട്ട്, കെടാത്തതീ, ചാകാത്ത പുഴ, പുക, ഗന്ധകം മുതലായവയാണ്. ഇത്ര ഭീകരമായ ഈ യാതന അനുഭവത്തിന് അന്തമില്ല.

എന്നാൽ യേശുവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കുന്നവർക്ക് ദൈവത്തോടുകൂടെ എന്നേക്കും വസിക്കുവാനുള്ള സ്വർഗ്ഗീയ ജീവിതം ഒരുക്കിയിരിക്കുന്നു. അതുകൊണ്ടാണ് ഈ രക്ഷ ഇത്ര വലിയ രക്ഷ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രിയരേ, ഈ രക്ഷയുടെ ഉറപ്പ് പ്രാപിച്ചിരിക്കുന്നവർ ഭാഗ്യവാന്മാരാണ്. ഈ രക്ഷയുടെ ഉറപ്പ് പ്രാപിച്ചിട്ടില്ലെങ്കിൽ ഇപ്പോൾതന്നെ യേശുവിനെ കർത്താവും രക്ഷകനുമായി അംഗികരിച്ച് പാപക്ഷമ പ്രാപിച്ച് ജീവിതം ധന്യമാക്കുക. ഈ രക്ഷ അനുഭവമാക്കിയവർ രക്ഷയുടെ സന്തോഷത്തിൽ നിലനിൽക്കുക. മാത്രമല്ല ഇത്ര വലിയ രക്ഷയെക്കുറിച്ച് സാക്ഷിക്കുക. ഈ രക്ഷ അവഗണിച്ചാൽ ഉണ്ടാകുന്ന ശിക്ഷാവിധിയെക്കുറിച്ച് ഓർപ്പിക്കുക. ഇത്ര വലിയ രക്ഷ ദൈവം ഒരുക്കിയിരിക്കുന്നു. അപ്പോൾതന്നെ ഏറ്റവും ഭയങ്കരമായ ന്യായവിധിയും ഒരുക്കിയിരിക്കുന്നു. "ഒരിക്കൽ മരിക്കുകയും പിന്നെ ന്യായവിധിയും മനുഷ്യന് ഒരുക്കിയിരിക്കുന്നു."(എബ്രായർ 9:27). അതുകൊണ്ടാണ് ട്രൈബൽ മിഷനെ പോലെയുള്ള സുവുശേഷ സംഘടനകൾ ജാതികളോടം രക്ഷയുടെ സുവിശേഷം അറിയിക്കുവാൻ താല്പര്യപ്പെടുന്നത്.

പ്രിയരേ, ഇത്ര വലിയ രക്ഷ നമുക്ക് ഒരുക്കിയ ദൈവത്തെ സ്തുതിക്കാം. ഈ രക്ഷയുടെ സന്തോഷത്തിൽ നിലനിൽക്കാം. ഈ രക്ഷയുടെ സന്ദേശം മറ്റുള്ളവരെ അറിയിക്കുവാൻ ഉത്സാഹിക്കാം. ഇത്ര വലിയ രക്ഷ ഗണ്യമാക്കാതെ പോയാൽ ശിക്ഷാവിധി വരുമെന്ന് ഓർപ്പിക്കാം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ. ◆

---

*(6-ാം പേജിൽനിന്നും...)*

ഈ പ്രാർത്ഥന നമ്മെ ഒരു കാര്യം പഠിപ്പിക്കുന്നു. നമ്മുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് ദൈവം വേലക്കാരെ അയക്കുന്നത്. നാം പ്രാർത്ഥിക്കാതിരുന്നാൽ വേലക്കാർ എഴുന്നേറ്റ് വരികയില്ല, മാത്രമല്ല ദൈവത്തിന്റെ പരിപാടി നടക്കാതിരിക്കും. ഈ ചിന്ത നമ്മുടെ മനഃസാക്ഷിയെ കുറ്റപ്പെടുത്തും. വിദ്യാസമ്പന്നരായ സമർപ്പിക്കപ്പെട്ട യുവാക്കൾക്ക് കർത്താവിന്റെ വേലക്കായി ഇറങ്ങുവാൻ താൽപര്യമില്ല എന്നത് എല്ലാ മിഷണറി സംഘടനകളുടേയും ഭാരമാണ്. വേലയ്ക്ക് തടസ്സമായിരിക്കുന്നതും അത് തന്നെയാണ്. ആധുനിക വാർത്തവിനിമയ മാദ്ധ്യമങ്ങളുടെ നേട്ടങ്ങൾ വാണിജ്യലോകം പ്രയോജനപ്പെടുത്തി അവരുട ബിസിനസ്സ് അഭിവൃത്തിപ്പെടുത്തുന്നു. എന്നാൽ കർത്താവിന്റെ സുവിശേഷം സകലദേശത്തിലും സമൂഹത്തിലും ഇതുവരെ എത്തിയിട്ടില്ല.

ഹന്നയുടെ ജിവിതത്തിലെപോലെ ചിലപ്രശ്നങ്ങളുടേയും പരിഹാസത്തിന്റേയും പാതയിലൂടെ നടത്തി ദൈവഹിതത്തിന് ഏല്പിച്ച് കൊടുത്ത് ദൈവപദ്ധതി നടപ്പിലാക്കുവാൻ ദൈവം ഒരു പക്ഷേ പ്രവർത്തിക്കാം.

ഹന്നയുടെ സാക്ഷ്യം ഇതാണ് : "ഈ ബാലനായിട്ട് ഞാൻ പ്രാർത്ഥിച്ചു. ഞാൻ യഹോവയോട് കഴിച്ച അപേക്ഷ യഹോവ എനിക്ക് നൽകിയിരിക്കുന്നു" ഹന്നയുടെ പ്രാർത്ഥനയുടെ ഫലമായി ബാലനെ കിട്ടിയതുപോലെ നമ്മുടെ പ്രാർത്ഥനയുടെ ഫലമായി ചില ആത്മാക്കളെ ലഭിച്ചു എന്ന് പറയുവാൻ സാധിക്കുമോ? അങ്ങനെ നമുക്ക് പറയുവാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ ലജ്ജാബോധം നഷ്ടപ്പെട്ടതിൽ അത്ഭുതപ്പെടാം. ◆




*(തുടർച്ച...)*

## അട്ടപ്പാടിയിലെ ഇരുളർ

**മരണവും ശവസംസ്ക്കാരവും :**

മരണം അറിയിക്കാൻ ഓരോ ചെറുവടി(തുണക്കാർ)യുമായി അറിയിപ്പുക്കാർ ഊരുകളിൽ പോകുന്നു. ഏറ്റവും ഉറ്റവരായ രണ്ട് പേർ പുഴയിൽനിന്ന് ഒരു കുടം വെള്ളം കൊണ്ടുവരുന്നു. ഇടം വലം നോക്കാതെ മൂന്ന് പ്രാവശ്യം മരിച്ചയാളിന്റെ പേര് പറഞ്ഞ് ഇവർ വെള്ളം മുക്കിയെടുക്കുന്നു. മഞ്ഞൾ അരച്ച് കുംഭത്തിലെ വെള്ളത്തിൽ കലക്കി ശവത്തിൽ തളിക്കുന്നു. അതിന് ശേഷം അതിനെ കട്ട(മുളകൊണ്ടുണ്ടാക്കുന്ന മഞ്ചം) യിൽ കിടത്തുന്നു. മഞ്ചത്തിന് ചുറ്റും ചെറിയ ശപ്പറപ്പന്തൽ കെട്ടി മുകൾ ഭാഗം ചേലകൊണ്ട് മറയ്ക്കുന്നു. ഒരു നീണ്ടമുളയിൽ ഒരു മൊന്ത(പാത്രം) കമിഴ്ത്തി വയ്ക്കുന്നു. ശവം പൂർണ്ണമായും വെള്ളത്തുണികൊണ്ട് മൂടുന്നു. നെറ്റിയിൽ നെറ്റിക്കാശ് (നാണയം) പതിപ്പിക്കുന്നു.

**ശപ്പറയാട്ടം :**

അറിയിപ്പ് കിട്ടി വന്ന് കൂടുന്ന ബന്ധുക്കളും ചാർച്ചക്കാരും മരിച്ചയാളുമായുള്ള പിണക്കം, പണമിടപാടുകൾ എന്നിവ പരിഹരിച്ച് അയാൾക്ക് 'വിടുതൽ' നൽകുന്നു. താലികെട്ടിയില്ലെങ്കിൽ അതും അപ്പോൾ നടത്തും. പിന്നെ ആർപ്പും നൃത്തവും കൂത്തുമായി ശപ്പറയാടുന്നു. ദൈവമാണ് മനുഷ്യരെ സൃഷ്ടിച്ചു പരിപാലിക്കുന്നത്. ദൈവത്തിന്റെ മക്കളെ അവിടുന്ന് യാതൊരു കുറവുമില്ലാതെ വളർത്തി. അതിന്റെ നന്ദിപ്രകടനമാണ് ശപ്പറയാട്ടം. ദൈവം തന്നു, ദൈവം എടുത്തു എന്ന് ആട്ടത്തിനിടയിൽ അവർ ആംഗ്യത്തിലൂടെ പ്രകടിപ്പിക്കും. ശപ്പറക്കളി ശവസംസ്കാരത്തിൽ അനിവാര്യമാണ്. ശവം ചുടുകാട്ടിലേക്ക് എടുക്കുന്നതുവരെ ഈ കേളി തുടരും. ഇത് നാലു ദിവസം വരെ നീളും.

**മന്ത്രിക്കൂട്ടം :** കുറുതല. വണ്ടേരി, മണ്ണൂരക്കാരൻ, ജാതി (തലവൻമാർ) മൂപ്പൻ എന്നിവരാണ് മന്ത്രിക്കൂട്ടം (പഞ്ചായത്ത്) മരണാനന്തരം നിയമപരമായ കാര്യങ്ങൾ തീർക്കാനാണവർ കൂടുന്നത്. താലി കെട്ടാത്ത ഭാര്യയാണ് മരിച്ചതെങ്കിൽ ഭർത്താവ് അവരുടെ ശവത്തിൽ താലികെട്ടണം. ഭർത്താവ് മരിച്ച് പോയെങ്കിൽ അടുത്ത ചാർച്ചക്കാരൻ താലി കെട്ടണം.

ശവസംസ്കാരത്തിന് വന്നവർക്ക് ആറിന്റെയോ തോടിന്റേയോ തീരത്തുവച്ചു ഭക്ഷണം നൽകുന്നു. മരിച്ചതു ഭർത്താവാണെങ്കിൽ ഭാര്യയുടെ താലി കുലക്കാരായ ഏഴുപേർ ചേർന്ന്

പൊട്ടിച്ചുകളയുന്നു. ഭാര്യയാണു മരിച്ചതെങ്കിൽ ഭർത്താവ് മുൻതലയിൽനിന്ന് മുടി മുറിച്ചുകളയും. മന്ത്രി കൂടി ബാദ്ധ്യതകളും ചടങ്ങുകളും തീർത്തു കഴിഞ്ഞാൽ ശവം കട്ടയോടെ കൊപ്പ(ചുടലക്കാട്) യിലേക്ക് എടുക്കുന്നു. അതിനുമുമ്പ് ശവത്തിൽ ചുറ്റിയിരുന്ന തുണികൾ എടുത്ത് മാറ്റുന്നു.

വഴക്കോ പിണക്കമോ മൂലം ബന്ധുക്കൾ ശവ സംസ്ക്കാരത്തിനെത്തിയില്ലെങ്കിൽ, ഊരുവാസികൾ മുൻകൈയെടുത്ത് ശപ്പറക്കൂത്തുനടത്തി ശപ്പറയെ (ശവം) ചുടലക്കാട്ടിലേക്കെടുക്കും. ഇങ്ങനെ ഊരുവാസികൾ നടത്തുന്ന ശവസംസ്ക്കാരത്തെ ഊരു ശപ്പറ എന്നു പറയും.



ശവം മറവുചെയ്ത ശേഷം ജനം തിരിച്ചുപോകും. ഇരുളരാണെങ്കിൽ വീട്ടിലെത്തി മേൽക്കൂരയിൽ നിന്നല്പം പുല്ലെടുത്ത് കത്തിച്ചു കാൽവിരലുകൾ ചൂടാക്കുന്നു. പിന്നെ വീടിന്റെ ഉമ്മറപ്പടിയിൽ ഒരു പാത്രത്തിൽ വെള്ളം നിറച്ചു വയ്ക്കും. ഈ വെള്ളത്തിലേയ്ക്ക് ഒരു ചെറിയ കമ്പ് ആവണക്കെണ്ണയിലോ നല്ലെണ്ണയിലോ മുക്കി രണ്ടു തുള്ളി എണ്ണ ഒഴിക്കുന്നു. ആദ്യത്തെ തുള്ളി വീഴുന്ന സമയം മരിച്ചയാളിന്റെ പേരു പറയണം. രണ്ടാമത്തെ തുള്ളി വീഴുമ്പോൾ അച്ഛന്റെ പേരും. ഈ രണ്ടുതുള്ളികളും യോജിക്കുമ്പോൾ കുടുംബത്തലവൻ സംയോജിച്ച എണ്ണ തൊട്ട് നെറ്റിയിൽ വയ്ക്കുന്നു. രണ്ടു തുള്ളികളും യോജിക്കുന്നതു വരെ ഇതു തുടർന്നു കൊണ്ടിരിക്കും. ഇതിനെ നിഴൽക്കൂത്ത് എന്നു പറയുന്നു. കുളി കഴിഞ്ഞിട്ടേ ആരെങ്കിലും വീട്ടിനുള്ളിൽ പ്രവേശിക്കുകയുള്ളൂ.

ശവം ചുടുകാട്ടിലെത്തിക്കും മുമ്പ് ഊരിനു പുറത്തുള്ള കൈനപ്പിള്ളി (ശവം വയ്ക്കുന്ന ഇടം) യിൽ വയ്ക്കുന്നു. ഇവിടെ വച്ച് മരിച്ചയാളിന്റെ ഭാര്യയുടെ താലി, വളകൾ മറ്റ് ആഭരണങ്ങൾ എന്നിവ പൊട്ടിച്ച് കളയുന്നു. വിധവയാക്കൽ ചടങ്ങാണിത്.

അച്ഛൻ മരിച്ചാൽ മൂത്തമകനും അമ്മ മരിച്ചാൽ ഇളയമകനും തല മുണ്ഡനം ചെയ്യും. ആൺ മക്കളില്ലെങ്കിൽ പുത്രസ്ഥാനീയരാവയവർ ഇതേ ക്രമത്തിൽ ചെയ്യും.

ഭർത്താവുമരിക്കുന്ന സമയത്തു ഭാര്യയെ എങ്ങനെ കണ്ടുവോ അതുപോലെ തന്നെ ശിഷ്ടകാലം കഴിയണം. അല്ലെങ്കിൽ മരണശേഷം തമ്മിൽ കാണുമ്പോൾ മനസ്സിലാകയില്ല എന്നാണു വിശ്വാസം. ബന്ധപ്പെട്ടവരുടെ മരണശേഷം ആറുമാസം മുതൽ രണ്ടു വർഷം വരെ കോവിലുകളിലോ സാമൂഹ്യ ആചാരങ്ങളിലോ സംബന്ധിക്കാതെ സ്വയം മാറി നിൽക്കുന്നു.

**സാക്ഷരത :**

ഇരുളർ താരതമ്യേന മറ്റ് ആദിവാസി ഗോത്രങ്ങളേക്കാൾ സാക്ഷരതയിലും വിദ്യാഭ്യാസത്തിലും മുൻപന്തിയിലാണ്. ഇവർ പഠിക്കുന്നതിന് ഉത്സാഹം ഉള്ളവരാണ്.

ഇരുളരുടെ ജീവിതത്തിലെ ഇരുളകറ്റി വെളിച്ചം പകരുവാൻ ട്രൈബൽ മിഷൻ അക്ഷീണപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നു. ഈ മിഷന്റെ പ്രവർത്തനഫലമായി അനേകം ഇരുള കുടുംബങ്ങളിലെ 'ഇരുളകറ്റി' സുവിശേഷത്തിന്റെ അത്ഭുതപ്രകാശം പകർന്നുനൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ◆

# അറിയിപ്പ്

ട്രൈബൽ മിഷൻ വിതരണം ചെയ്തിട്ടുള്ള ചാരിറ്റി ബോക്സ് എതെങ്കിലും കളക്ഷന് എത്താതെ വന്നിട്ടുണ്ടെങ്കിൽ ദയവായി താഴെ പറയുന്ന മൊബൈൽ നമ്പറിൽ വിളിച്ചറിയിക്കുവാൻ വിനീതമായി ഓർമ്മിപ്പിക്കുന്നു.

**9747442935, 9496611293**

# കർത്താവിൽ നിദ്ര പ്രാപിച്ചു

**ശ്രീ. റ്റി. കെ. തോമസ് 58 (ഉണ്ണിക്കുഞ്ഞ്)**

തേലക്കാട് വീട്, കല്ലിശ്ശേരി

*ട്രൈബൽ മിഷൻ പ്രവർത്തനങ്ങളുടെ ഒരു സഹകാരി ആയിരുന്ന ഇദ്ദേഹം കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്ക്കാര ശുശ്രൂഷ 30-1-2015 -ൽ നടത്തപ്പെട്ടു. ട്രൈബൽ മിഷനെ പ്രതിനിധീകരിച്ച് ഡോ. റ്റി.എം. ഇടിക്കുള (ഫൈനാൻസ് സെക്രട്ടറി) റവ. റ്റി. ജയദാസ് എഡിറ്റർ ട്രൈബൽ ന്യൂസ്, റെജി മാത്യു പൂവൻമല എന്നിവർ പങ്കെടുത്തു. ദുഃഖിതരായ കുടുംബാംഗങ്ങളോട് ട്രൈബൽ മിഷന്റെ അനുശോചനവും പ്രത്യാശയും അറിയിക്കുന്നു.*

***ട്രൈബൽ മിഷൻ***

# ട്രൈബൽ മിഷൻ സ്റ്റാൾ

കുറുപ്പംപടി യൂണിയൻ ക്രിസ്ത്യൻ കൺവെൻഷന്റെ ഭാഗമായി 64-ാമത് സുവിശേഷ മഹായോഗം 2015 ഫെബ്രുവരി 2 മുതൽ 8 ഞായർ വരെ കുറുപ്പംപടിയിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത യോഗത്തോട് അനുബന്ധിച്ച് കൺവെൻഷൻ ഗ്രൗണ്ടിൽ ട്രൈബൽ മിഷൻ സ്റ്റാൾ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയവരോടും സ്റ്റാൾ സന്ദർശിച്ചവരോടും പ്രവർത്തനങ്ങൾക്ക് സംഭാവന നല്കിയവരോടും പ്രത്യേകമായി നന്ദി അറിയിക്കുന്നു.

ട്രൈബൽ മിഷന് വേണ്ടി,

*റവ. ടി. ജയദാസ്*



# സഭാഹാൾ ഉദ്ഘാടനം

## വീട്ടിക്കുണ്ട് - അട്ടപ്പാടി

**അ**ട്ടപ്പാടിയിലെ ഉൾഗ്രാമമായ വീട്ടിക്കുണ്ടിൽ പണി കഴിപ്പിച്ച ആരാധനാലയത്തിന്റെ സമർപ്പണശുശ്രൂഷ 2014 ഡിസംബർ 30-ാം തീയതി വൈകുന്നേരം ട്രൈബൽ മിഷൻ ജനറൽ സെക്രട്ടറി ഡോ. കെ. മുരളീധർ നിർവ്വഹിക്കുന്നതിന് ഇടയായി.

എല്ലാവരും ഹാളിൽ പ്രവേശിക്കയും പ്രാർത്ഥന, പാട്ട്, സങ്കീർത്തനം എന്നിവയ്ക്കു ശേഷം സഭാവിശ്വാസികളിൽ ചിലർ ആദിവാസി ഇരുളർഭാഷയിൽ ചില പാട്ടുകൾ പാടിയത് കൂടിവന്ന ഏവർക്കും ഉത്തേജനം പകരുന്ന ഒരനുഭവമായിരുന്നു.

കൂടാതെ ഈ മീറ്റിംഗിൽ ആനക്കട്ടി ബെഥനി ആശുപത്രികളിൽനിന്നും ഡോ. ക്ലമന്റ്, ഡോ. ജോൺ & ഫാമിലി, ഡോ. ഏലിയാമ്മ മുരളീധർ ആശുപത്രിയിൽ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റാഫുകളും വീട്ടിക്കുണ്ട്, കല്ലക്കര ഊരുകളിലെ വിശ്വാസികളുമായി 100-ൽപരം ആളുകൾ പങ്കെടുക്കുന്നതിന് ദൈവം കൃപ ചെയ്തു. അതിഥികളായി കടന്നുവന്നവരുടെ വചനശുശ്രൂഷ, ആശംസാപ്രസംഗങ്ങൾ എന്നിയ്ക്കുശേഷം പ്രാർത്ഥിച്ച് ഈ മീറ്റിംഗ് ഉപസംഹരിച്ചു.

ആനയും മറ്റ് കാട്ടുമൃഗങ്ങൾ എന്നിവയുടെ സജീവസാന്നിദ്ധ്യം, മദ്യം, മയക്കുമരുന്ന് ഉപയോഗിക്കുന്നവർ എല്ലാം ഈ പ്രദേശത്തെ മിഷണറി പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. എന്നാൽ ദൈവം വലിയരൂപാന്തരം അയച്ചുകൊണ്ടിരിക്കുന്നു.

ആദിവാസി ഇരുള ഗോത്രത്തിലുള്ളവരാണ് ഇവിടെയുള്ളത്. 40-ൽ അധികം വിശ്വാസികൾ ഈ ഗ്രാമസഭയിൽ അംഗങ്ങളായുണ്ട്. പ്രാദേശിക മിഷണറിയായി സഹോദരൻമാർ പ്രവർത്തിക്കുന്നു. പാപത്തിൽനിന്നും ശാപത്തിൽനിന്നും രോഗത്തിൽനിന്നും ദൈവത്താൽ വളരെ അത്ഭുതകരമായി വിടുവിക്കപ്പെട്ട സാക്ഷ്യമാണ് ഇവിടുത്തെ വിശ്വാസികൾക്ക് പറയുവാനുള്ളത്.

ട്രൈബൽ മിഷൻ മുഖാന്തിരം ഈ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങളെ ദൈവം ഇനിയും അധികം വിശാലമാക്കേണ്ടതിനായി പ്രാർത്ഥിക്കാം.

മാണി കുര്യാക്കോസ്
ഫീൽഡ് സെക്രട്ടറി, ട്രൈബൽ മിഷൻ

# ഒരു ഇരുള യുവാവിന്റെ അനുഭവസാക്ഷ്യം

**ഞാ**ൻ ഒരു ആദിവാസി കുടുംബത്തിൽ ജനിച്ചു വളർന്നവൻ ആണ്. എന്റെ പേര് നഞ്ചൻ എന്നാണ്. ഞാൻ വിവാഹിതൻ ആണ്. ഒരു കുട്ടിയുണ്ട്. എന്റെ സ്ഥലം പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്ന സ്ഥലത്ത് മാമണ എന്ന ഭാഗത്താണ് താമസിക്കുന്നത്. അട്ടപ്പാടിയിൽ ആദിവാസികൾ മൂന്നു വിഭാഗക്കാരാണ് ഉള്ളത്. 1. ഇരുളർ 2. മുഡുകർ 3. കുറുമ്പർ എന്നി വർഗ്ഗങ്ങൾ ആണ്. ഞാൻ ഇരുള ഗോത്രക്കാരൻ ആണ്. ഞങ്ങളുടെ പിതാക്കന്മാർ മന്ത്രവാദികൾ ആണ്. എന്റെ മൂത്ത ചേട്ടനും രണ്ടു സഹോദരിമാരും മന്ത്രവാദികൾ ആണ്. ഈ മന്ത്രവാതകുടുംബത്തിൽനിന്നും സർവ്വശക്തനായ യേശു എന്നെയും പിടിച്ചു തന്റെ വേലയിൽ ആക്കിവെച്ചു. സ്തോത്രം, ഞാൻ 1992 സെപ്റ്റംബർ മാസം 27-ാം തീയതി രക്ഷിക്കപ്പെട്ടു. സ്നാനപ്പെട്ടു. വലിയ എതിർപ്പുകൾ ഉണ്ടായി. കാരണം എന്റെ അച്ഛന്റെ മന്ത്രവാദം ഞാൻ പഠിച്ചുകൊണ്ട് ഇരുന്നവനാണ്. അച്ഛന്റെ എല്ലാം എനിക്കായിരുന്നു. ഞാൻ ചെറിയ മകൻ ആയതുകൊണ്ട് ഞാൻ ഒരു മദ്യപാനി ആയി മാറി. പ്രശ്നക്കാരൻ ആയിതീർന്നു. അങ്ങനെ എനിക്കും കോടതിയിൽ പോകേണ്ടിവന്നു. ഞാൻ മരിച്ചുപോകുമെന്നു പോലും ജനങ്ങൾ വിധി എഴുതി. പക്ഷെ എന്നെ യേശു പിടിച്ചതുകൊണ്ട് ഞാൻ ജീവിക്കുന്നു.

ഞങ്ങളുടെ പഴയ ദൈവങ്ങൾ എന്നു പറയുമ്പോൾ ഞങ്ങൾ ആരാധിച്ചുവന്ന ദൈവങ്ങൾ. ശിവൻ, രാമൻ, കാളി, മുരുകൻ ഇതെല്ലാം ദൂരെ ഉള്ള ദൈവങ്ങൾ ആണ്. ഇവരെ ആണ്ടിൽ ഒരിക്കൽ മാത്രമേ ആരാധിക്കുകയുള്ളു. ഞങ്ങളുടെ പ്രധാന ദൈവം, ദിവസവും ആരാധിക്കുകയും ഞങ്ങൾ ഭയപ്പെടുകയും ചെയ്യുന്ന ദൈവം ഞങ്ങളുടെ പിതാക്കൻമാരും ഞങ്ങളുടെ ഉറ്റ, സ്വന്തത്തിൽപ്പെട്ടവരും ആണ് ഞങ്ങൾ ജീവിച്ചിരിക്കുമ്പോൾ തന്നെ ഇവർ മരിച്ചാലും അവരാണ്. ഞങ്ങളുടെ (കരുദൈവം) മരിച്ചവരുടെ ആത്മാവ് ആണ് ഞങ്ങൾ ദൈവമായും വിശ്വസിക്കുന്നത്. മരിച്ചവരുടെ പേർ ഞങ്ങൾ പറയുകയില്ല. ഞങ്ങൾ ബഹുമാനിക്കുന്നതാണ്. ഇവരെ ഞങ്ങൾ ഭയപ്പെടുകയും ദിവസേന ആരാധിക്കുകയും, എവിടെയെങ്കിലും യാത്ര ചെയ്യുവാൻ തീരുമാനിച്ച് ഇറങ്ങുമ്പോൾ മരിച്ചവരെ കുമ്പിട്ടു നമസ്ക്കരിച്ചു 1.25 പൈസ വെച്ച് കുമ്പിടും, പിന്നെ യാത്ര ചെയ്യും. ഞങ്ങളുടെ മരിച്ചവരുടെ ആത്മാവ് തങ്ങുവാൻ ഒരു പ്രധാന സ്ഥലമുണ്ട്. ഒരു മൺപാത്രത്തിൽ പുതിയ വസ്ത്രങ്ങൾ വാങ്ങി അതിൽ പൈസ വച്ച് വസ്ത്രവും വെക്കും അപ്പോൾ അവിടെ മരിച്ചവരുടെ ആത്മാവ് വന്ന് തങ്ങും. ഒരു മനുഷ്യൻ മരിക്കുമ്പോൾ മൂന്നു നിഴൽ കാണാൻ കഴിയും. ഒരു നിഴൽ സ്വർഗ്ഗത്തിലേക്ക് പോകും. ഒരു നിഴൽ പിശാച് ആയി മാറും. ഒരു നിഴൽ വീട്ടിലേയ്ക്കുവരും. ഈ വീട്ടിലേയ്ക്ക് വരുന്ന നിഴൽ ആണ് ദൈവം.

ഇങ്ങനെയുള്ള അനാചാരങ്ങളിൽനിന്നും അന്ധവിശ്വാസത്തിൽനിന്നും കർത്താവായ യേശുക്രിസ്തു ഞങ്ങളെ രക്ഷിച്ചു. അവന്റെ പ്രകാശത്തിലാക്കി. ട്രൈബൽ മിഷന്റെ പ്രവർത്തനത്തിൽ കൂടിയാണ് ഞങ്ങൾക്ക് ഈ യേശുവിനെ കണ്ടെത്തുവാൻ കഴിഞ്ഞത്. യേശുവാണ് ജീവിക്കുന്ന ദൈവമെന്നും എന്റെ ജീവിതത്തിൽ അനുഭവിച്ചറിയുവാൻ കർത്താവ് കൃപ ചെയ്തു. ഈ യേശുവിനെ ഞാൻ മറ്റുള്ളവർക്കും പരിചയപ്പെടുത്തിക്കൊടുത്തുകൊണ്ടിരിക്കുന്നു.

◆




# മാരാമൺ സ്റ്റാൾ - 2015

മാരാമൺ കൺവെൻഷനോടുള്ള ബന്ധത്തിൽ ട്രൈബൽ ന്യൂസിന്റെയും ട്രൈബൽ മിഷന്റെയും പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്ന ഒരു സ്റ്റാൾ 8-2-2015 ന് രാവിലെ 7.30ന് റവ. റ്റി. ജയദാസ് (ചീഫ് എഡിറ്റർ ട്രൈബൽ ന്യൂസ്) പ്രാർത്ഥിച്ച് പ്രവർത്തനം ആരംഭിച്ചു. തുടർന്ന് ശ്രീ. കെ.കെ. കോശി (മെമ്പർ കെയർ സെക്രട്ടറി) ഗ്രേയ്സ് കോശി എന്നിവർ സ്റ്റാളിന്റെ പ്രവർത്തനത്തിൽ ഉണ്ടായിരുന്നു. എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങളായ ശ്രീ. കെ. കെ. ജോൺ, ശ്രീ. സാജു ജോർജ് എന്നിവർ ആവശ്യമായ സഹായങ്ങൾ ചെയ്തുതന്നു. മാരാമൺ കൺവെൻഷന്റെ ആരംഭദിനം മുതൽ അവസാനദിനം വരെയും സ്റ്റാൾ പ്രവർത്തിച്ചു.

അനേകർ ഈ സ്റ്റാൾ സന്ദർശിക്കുകയും മിഷൻ പ്രവർത്തനത്തെ സാമ്പത്തികമായി സഹായിക്കുകയും ട്രൈബൽ ന്യൂസ് മാസികയുടെ വരിസംഖ്യ പുതുക്കുകയും പുതിയവ ചേർക്കുന്നതിനും ഇടയായി. ഏവരോടുമുള്ള നന്ദി അറിയിക്കുന്നു.

***ട്രൈബൽ മിഷൻ***




# പ്രാർത്ഥനാകലണ്ടർ

### അട്ടപ്പാടി

**മാർച്ച് 15**

*അട്ടപ്പാടിയിൽ കടമ്പാറ, മൂലക്കട എന്നീ സെന്ററുകളിൽ പ്രവർത്തിക്കുന്ന മിഷണറികൃഷ്ണന്റെ ഭാര്യ ചിത്ര. അധര സംബന്ധമായ രോഗം മൂലം ബഥനി ആശുപത്രിയിൽ അഡ്മിറ്റ് ആകുകയും ഡോക്ടറിന്റെ നിർദ്ദേശപ്രകാരം നാഗർകോവിലിലുള്ള സുനിൽ റിച്ചാർഡ്സൺ ഡെന്റൽ ആശുപത്രിയിൽ കടന്നുപോയി മേജർ ഓപ്പറേഷന് വിധേയമായി. ഇപ്പോൾ ഭവനത്തിൽ വിശ്രമിക്കുന്നു. തുടർന്ന് ഫെബ്രുവരി 25ന് ഇനിയും ഒരു ഓപ്പറേഷന് വിധേയാകേണ്ടിയിരിക്കുന്നു. നാഗർകോവിലിൽ റിച്ചാർഡ്സൺ ഡെന്റൽ ഹോസ്പിറ്റലിൽ വച്ച് 25-ാം തീയതി നടക്കുന്ന ഓപ്പറേഷനുവേണ്ടി രോഗത്തിൽ പൂർണ്ണ സൗഖ്യം ദൈവം നൽകേണ്ടതിനായും തുടർന്ന് ദൈവത്തിനുവേണ്ടി ഈ കുടുംബം അധികം വേല ചെയ്ത് സാക്ഷ്യം നിറവേറ്റണ്ടതിനായും പ്രാർത്ഥിക്കണം.*

**മാർച്ച് 16**

*അട്ടപ്പാടി മേഖലയിൽ നടക്കുന്ന ദൈവവേല ശക്തിപ്പെടേണ്ടതിനായും മിഷണറിമാരെ ദൈവം ഉപയോഗിക്കേണ്ടതിനായും പുതിയ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതിനായും പ്രാർത്ഥിക്കണം.*

**മാർച്ച് 17**

*തമിഴ്നാട് മേഖലയിൽ സത്യമംഗലം, ഭവാനിനഗർ പ്രദേശങ്ങളിൽ ട്രൈബൽ മിഷന്റെ പുതിയ പ്രവർത്തനങ്ങളെയും പ്രവർത്തിക്കുന്ന ദൈവവേലക്കാരെയും ഓർത്ത് പ്രാർത്ഥിക്കണം*

**മാർച്ച് 18**

*വർദ്ധിച്ചുവരുന്ന വരൾച്ചയിൽ നിന്നും ദേശനിവാസികളെ ദൈവം കാത്തുസൂക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക.*

**മാർച്ച് 19**

*അട്ടപ്പാടി ഏരിയ കേന്ദ്രീകരിച്ച് നടക്കുന്ന ദൈവവേലയെ ഓർത്ത് പ്രാർത്ഥിക്കുക. മദ്യപാനം, ലഹരിവസ്തുക്കളുടെ അമിതഉപയോഗം അസന്മാർഗ്ഗിക ജീവിതരീതി ഇവ മൂലം നശിച്ചുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് ജനങ്ങൾ ദൈവത്താൽ പിടിക്കപ്പെടുവാൻ പ്രാർത്ഥിക്കുക.*

### മാമണ (അട്ടപ്പാടി)

**മാർച്ച് 20**

*പുതുതായി സ്നാനമേറ്റ സജി, ഷീജ, വിമിത എന്നിവർക്കായി പ്രാർത്ഥിക്കുക. അവർ വിശ്വാസത്തിൽ വളരുവാനും കർത്താവിന് നല്ല ഫലമുള്ളവരായി തീരുവാനും പ്രാർത്ഥിക്കുക.*

### ആനഗദ്ദ (അട്ടപ്പാടി)

**മാർച്ച് 21**

*ഈ ഗ്രാമങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക. കാരറ, ഗുഡ്ഡയൂർ, കതിരംപതി അനേകർ ദൈവവചനം കേൾക്കാൻ ഇടയായി. കേട്ടവർ രക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.*

**മാർച്ച് 22**

*കാരറ ഗ്രാമത്തിൽ പാറുക്കുട്ടി എന്ന സഹോദരി ശാരീരികവും, മാനസീകവു*

മായി അസ്വസ്ഥതപ്പെടുന്നു പ്രാർത്ഥിക്കുക. പുതിയതായി ആരാധനയിൽ പങ്കെടുക്കുന്ന ചന്ദ്രൻ സഹോദരൻ തലമുറകൾ ഇല്ലാതെ ഭാരപ്പെടുന്നു. ആ കുടുംബത്തെ ഓർത്ത് പ്രാർത്ഥിക്കുക. വിവാഹപ്രായമായ യുവതിയുവാക്കളെ ഓർത്ത് പ്രാർത്ഥിക്കുക.

## തൃശ്ശിലേരി

മാർച്ച് 23

എതിർപ്പുകളുടെ മധ്യത്തിൽ ദൈവമക്കൾ ശക്തരായി നിൽക്കുവാൻ പ്രാർത്ഥിക്കുക. ഡി-അഡീക്ഷൻ ക്യാമ്പിൽ സംബന്ധിച്ചവർ നിലനിൽക്കുന്നതിനായി പ്രാർത്ഥിക്കുക.

## കാട്ടിക്കുളം

മാർച്ച് 24

ഭവനസന്ദർശനം കഴിഞ്ഞുള്ള മടക്കയാത്രയിൽ മിഷണറി ഹനിന്റെ ബൈക്കിനുകുറുകെ മാൻ ചാടിയതുനിമിത്തം അപകടം ഉണ്ടായി. ഇതിനാൽ ഈ മിഷണറി കുടുംബം ശാരീരികമായി വളരെ ഭാരപ്പെടുന്നു. പ്രത്യേകം പ്രാർത്ഥിക്കണമേ. ഈ സെന്ററിലെ മോഹനനേയും കുടുംബത്തേയും ഓർത്തു പ്രാർത്ഥിക്കുക.

## പുൽപ്പള്ളി

മാർച്ച് 25

15 ഓളം ഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തനം നടത്തിവരുന്നു. എന്നാൽ ഇപ്പോൾ സുവിശേഷവിരോധികൾ ഈ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു. പ്രത്യേകം പ്രാർത്ഥിക്കണമേ.

## തോൽപ്പെട്ടി

മാർച്ച് 26

ശ്രീമംഗലം, കായ്മന എന്നീ ഗ്രാമങ്ങളിൽ നടത്തപ്പെടുന്ന സെൽമീറ്റിങ്ങുകൾ അനുഗ്രഹമായിതീരാൻ പ്രാർത്ഥിക്കുക. പുതിയതായി വ്യക്തികൾ കടന്നുവരുന്നു. അവർക്കായി പ്രാർത്ഥിക്കണമേ.

## രാജസ്ഥാൻ-ബിജോരി

മാർച്ച് 27

ചർച്ചിന്റെ പണി പൂർത്തികരിച്ചുകൊണ്ടിരിക്കുന്നു. തുടർന്നും വിലയേറിയ പ്രാർത്ഥന ചോദിക്കുന്നു. ബിജോരി ഗ്രാമത്തിൽ തിരഞ്ഞെടുപ്പ് അടുത്തുവരുന്നു. ദൈവഹിതമുള്ളവർ ഗ്രാമത്തലവൻമാരായി തിരഞ്ഞെടുക്കപ്പെടുവാൻ പ്രാർത്ഥിക്കുക.

## ചേകാടി

മാർച്ച് 28

മാവോയിസ്റ്റ് ആക്രമണംമൂലം ഇവിടെയുള്ള കോളനികളിൽ പ്രവേശിക്കുവാൻ കഴിയുന്നില്ല. ഈ പ്രതിസന്ധി മാറുവാൻ പ്രാർത്ഥിക്കുക. ശാരിരീക സൗഖ്യമില്ലാതെ ഭാരപ്പെടുന്ന കുറുമാട്ടി അമ്മച്ചി, വൈശാഖ് എന്നിവർക്കായി പ്രാർത്ഥിക്കുക. സുധാകരൻ സഹോദരന്റെ വീട് പണി പൂർത്തീകരിക്കാൻ പ്രാർത്ഥിക്കുക.

മാർച്ച് 29

വന്യമൃഗങ്ങളുടെ ശല്യം അധികമായിരിക്കുന്നതിനാൽ ഇവിടെയുള്ള മിഷണറിമാരെയും വിശ്വാസികളെയും ഓർത്ത് പ്രാർത്ഥിക്കണമേ.

മാർച്ച് 30

കൊട്ടിയൂർ കോളനിയിൽ രണ്ടാഴ്ചയിൽ ഒരിക്കൽ രാത്രിയോഗം നടന്നുവരുന്നു. ഈ കോളനിയിൽ പ്രവേശിക്കാൻ പോലീസ് അധികാരികളിൽനിന്ന് അനുവാദം ലഭിച്ചിട്ടില്ലെങ്കിലും ജനത്തിന്റെ താൽപര്യം നിമിത്തം യോഗം നടത്തുന്നു. അധികാരികളിൽനിന്നും അനുവാദം ലഭിക്കുവാൻ പ്രാർത്ഥിക്കുക.

മാർച്ച് 31

നാഗർകോവിലിലെ വിക്ടർ മെട്രിക്കുലർ ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾ പരീക്ഷയിൽ നല്ല മാർക്കോടെ പാസാകുവാൻ പ്രത്യേകം പ്രാർത്ഥിക്കണമേ

## തമിഴ്നാട്

ഏപ്രിൽ 01

തമിഴ്നാട് മേഖലയിൽ സത്യമംഗലം, ഭവാനിനഗർ എന്നീ പ്രദേശങ്ങളിലെ ട്രൈബൽ മിഷന്റെ പുതിയ പ്രവർത്തനത്തെയും പ്രവർത്തകരേയും ഓർത്ത് പ്രാർത്ഥിക്കുക.

### ആദിമതയന്നൂർ

**ഏപ്രിൽ 02**

ഇവിടെ പ്രവർത്തിക്കുന്ന മിഷണറി ദൈവരാജിനേയും പ്രവർത്തന മേഖലകളേയും ഓർത്ത് പ്രാർത്ഥിക്കുക. 13 ഗ്രാമങ്ങളിൽ സുവിശേഷവേല ചെയ്തുവരുന്നു. 8 ഗ്രാമങ്ങളിലുള്ള പ്രായമായവർ പ്രാർത്ഥനയ്ക്കു കടന്നുവരുന്നു. 6 ഗ്രാമങ്ങളിൽനിന്ന് 6 കുടുംബങ്ങൾ രക്ഷിക്കപ്പെട്ട് ആരാധനയ്ക്ക് കടന്നുവരുന്നു. ഈ ദൈവീകപ്രവർത്തി അഭിവൃത്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### കടമ്പാറ

**ഏപ്രിൽ 03**

ഇവിടെയുള്ള മിഷണറി കൃഷ്ണൻ കടമ്പാറ, ഊത്തുകുഴി എന്നീ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ പ്രവർത്തനത്തെ ഓർത്തും മിഷണറി കൃഷ്ണന്റെ ഭാര്യ ചിത്ര വായിൽ ഒരു ഓപ്പറേഷൻ കഴിഞ്ഞ് ചികിത്സയിൽ ആശുപത്രിയിൽ ആയിരിക്കുന്നു. ഈ സഹോദരിയുടെ വിടുതലിനായി പ്രാർത്ഥിക്കുക.

**ഏപ്രിൽ 04**

പുതിയ മിഷൻ ഫീൽഡുകൾ കണ്ടെത്തി പ്രവർത്തിക്കുന്നതിനും സഭാ കൂടിവരവുകൾ ഉണ്ടാകേണ്ടതിനും പ്രാർത്ഥിക്കുക.

**ഏപ്രിൽ 05**

പത്തനംതിട്ട ജില്ല കേന്ദ്രീകരിച്ച് നടന്നുവരുന്ന പ്രമോഷണൽ വർക്കുകളിലൂടെ ധാരാളം സപ്പോർട്ടേഴ്സും പ്രാർത്ഥനാസഹകാരികളും ട്രൈബൽ മിഷൻ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ഏപ്രിൽ 06**

നാഗർകോവിലിൽ വച്ച് നടക്കുന്ന ജനറൽ കൺവെൻഷന്റെ അനുഗ്രഹത്തിനായും ഇതിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രാർത്ഥനാഗ്രൂപ്പിനെ ഓർത്തും പ്രാർത്ഥിക്കുക.

**ഏപ്രിൽ 07**

ഇടുക്കി ജില്ലയ്ക്കായി പ്രാർത്ഥിക്കുക. ഇവിടെയുള്ള മിഷൻസ്റ്റേഷനുകളുക്കായും പ്രവർത്തനങ്ങൾക്കായം പ്രാർത്ഥിക്കുക.

### മാങ്കുളം

**ഏപ്രിൽ 08**

താളുംകണ്ടം മിഷൻ സെന്ററിനായും സഭാകൂടിവരവിന്റെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കുക. മിഷണറി നെൽസൺ ഉണ്ണിയേയും കുടുംബത്തേയും സഹമിഷണറിമാരെയും ഓർത്ത് പ്രാർത്ഥിക്കുക.

### കൊരങ്ങാട്ടി

**ഏപ്രിൽ 09**

മിഷണറി ജി.എൻ. കണ്ണൻ, ഭാര്യമായ കണ്ണൻ എന്നിവർ ഇവിടെ പ്രവർത്തിക്കുന്നു. ഇവരേയും പ്രവർത്തനത്തേയും ഓർത്ത് പ്രാർത്ഥിക്കുക.

### ചിന്നപ്പാറ

**ഏപ്രിൽ 10**

അടിമാലിക്ക് സമീപമുള്ള പ്രവർത്തനമേഖലയാണ് ചിന്നപ്പാറ. മന്നാൻ വിഭാഗത്തിലുള്ള ആദിവാസികളാണ് ഭൂരിഭാഗവും. ഇവിടത്തെ പ്രവർത്തനത്തെ ഓർത്തും മിഷണറിമാരെയും ഓർത്തും പ്രാർത്ഥിക്കുക.

### തുമ്പിപ്പാറ

**ഏപ്രിൽ 11**

മിഷണറി ഗോപാലനെയും സഭാകൂടിവരവിനേയും ഓർത്ത് പ്രാർത്ഥിക്കുക.

### വയനാട്

**ഏപ്രിൽ 12**

കാട്ടിക്കുളം, ചേകാടി എന്നീ മിഷൻ ഫീൽഡുകൾക്കായും മിഷണറിമാർക്കായും പ്രാർത്ഥിക്കുക.

### തൃശ്ശിലേരി

**ഏപ്രിൽ 13**

ഇവിടെ പ്രവർത്തിക്കുന്ന ട്രൈബൽ മിഷൻ ഹോസ്റ്റലിനേയും കുട്ടികളെയും സ്റ്റാഫിനേയും പ്രവർത്തനനേതൃത്വം കൊടുക്കുന്ന വി.സി. ജേക്കബിനേയും ഓർത്ത് പ്രാർത്ഥിക്കുക.

### പടിഞ്ഞാറെത്തറ

**ഏപ്രിൽ 14**

മിഷണറി കുടുംബത്തെ ഓർത്ത് പ്രാർത്ഥിക്കുക. മിഷണറി അപ്പണ്ണനേയും അദ്ദേഹത്തിന്റെ പുതിയ പ്രവർത്തനമേഖലയേയും ഓർത്ത് പ്രാർത്ഥിക്കുക. ◆

## സംഭാവന അയക്കുന്നവരുടെ ശ്രദ്ധയ്ക്ക്

ട്രൈബൽ മിഷന്റെ വേലയ്ക്കായി ധനസഹായം ചെയ്യുന്നവർ അത് മണിഓർഡറായോ, ചെക്കായോ, ഡ്രാഫ്റ്റായോ ഓഫീസിലേക്ക് അയയ്ക്കാവുന്നതാണ്.

താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ബാങ്കിലേക്ക് നേരിട്ടും പണം അയയ്ക്കാവുന്നതാണ്.

I **AXIS BANK LTD., PERUMBAVOOR**

**SB A/C No. 910010028193291, *IFSC: UTIB 0000803***

I I **STATE BANK OF TRAVANCORE, PERUMBAVOOR**

**SB A/C No. 57041605654, *IFSC: SBTR 0000154***

I I I **THE CATHOLIC SYRIAN BANK LTD., PERUMBAVOOR**

**SB A/C No. 0156-00705880-190001, *IFSC: CSBK 0000156***

**വിദേശനാണയത്തിലുള്ള Cheque, Draft, Money Transfer മുതലായവ മാത്രം**

IV **INDIAN OVERSEAS BANK, PERUMBAVOOR**

**SB A/C No. 006901000008239, *IFSC: IOB - A - 0000069***

എന്ന A/C വഴി നൽകാവുന്നതാണ്.

V **മത സ്ഥാപനങ്ങളുടെ പേരിൽ പണമയയ്ക്കാൻ നിയമ തടസ്സമുള്ളവർ മാത്രം.**

**Dr. K. MURALIDAR, THE CATHOLIC SYRIAN BANK, PERUMBAVOOR**

**SB A/C No. 0156-00706354-190001, *IFSC: CSBK 0000156***

എന്ന A/C വഴി നൽകാവുന്നതാണ്.

ട്രൈബൽ മിഷനിലേക്ക് സംഭാവന നേരിട്ട് ബാങ്കിലേക്ക് അയക്കുന്നവർ ദയവായി അതിന്റെ പൂർണ്ണ വിവരം മേൽവിലാസത്തോടെ ഓഫീസിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (ഫോൺ/ഇമെയിൽ/ലെറ്റർ) അല്ലാത്തപക്ഷം പ്രസ്തുത തുകയുടെ 30% നികുതിയായി അടയ്ക്കേണ്ടി വരുന്നതുകൊണ്ട് ദയവായി സഹകരിക്കുക.!


**ഞങ്ങളുടെ സ്ഥിരം മേൽവിലാസം**

**TRIBAL MISSION**
**IRINGOLE P.O. PERUMBAVOOR - 683 545**
**ERNAKULAM Dist., KERALA, INDIA, Tel - No. 0484 - 2593866**
**e-mail : tribalmission@hotmail.com**

വാർഷിക വരിസംഖ്യ 150/-

BOOK-POST
PRINTED MATTER ONLY
(Private Circulation only)

TO

Tribal Mission
Iringole P.O.
Perumbavoor - 683 545
Ernakulam Dist
Kerala, India, Ph : 0484 2593866



ഇരുളർ ഗോത്രത്തിലെ ഒരു സ്ത്രീ

Printed, Published, Edited & Owned by Tribal News, Ph : 0484 2593866, Iringole P.O., Perumbavoor, Ernakulam Dist. - 683 545
Chief Editor : Rev. T. Jayadas Ph : 9747442935, 9496611293 e-mail : jayadaskalarickal1964@gmail.com
e-mail : tribal_news@hotmail.com Design & Printing : Netaji Printers, Perumbavoor. Ph : 0484 2522544